**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4704** **10-08-2021 - ൽ മറുപടിയ്ക്ക്**

**പുൽകൃഷി വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **Smt J Chinchurani**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീരകർഷകർക്ക് വേണ്ടി പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (എ) | തീറ്റപ്പുൽകൃഷിയുടെ വികസനത്തിനായി സബ്സിഡിയോടെ 20 സെന്റിനു മുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ, യന്ത്രവൽക്കരണത്തിനുള്ള പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, സ്വയം സഹായസംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾ, തരിശുനിലങ്ങളിലെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതികൾ, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. വനിതാ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തി ആയത് വിപണനം ചെയ്യുന്നതിന് 75,000/- രൂപയുടെ ധനസഹായമാണ് രജിസ്റ്റർ ചെയ്ത സ്വയം സഹായ സംഘങ്ങൾക്കും വനിതാഗ്രൂപ്പുകൾക്കും നൽകുന്നത്. കൂടാതെ, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചു വരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | പുൽകൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ; | (ബി) | തീറ്റപ്പുൽകൃഷിയുടെ വികസനത്തിനായി സബ്സിഡിയോടെ 20 സെന്റിനു മുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ, യന്ത്രവൽക്കരണത്തിനുള്ള പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, സ്വയം സഹായസംഘങ്ങൾ മുഖേന |

| | | | |
|---|---|---|---|
| | | | തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾ, തരിശുനിലങ്ങളിലെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതികൾ, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. വനിതാ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തി ആയത് വിപണനം ചെയ്യുന്നതിന് 75,000/- രൂപയുടെ ധനസഹായമാണ് രജിസ്റ്റർ ചെയ്ത സ്വയം സഹായ സംഘങ്ങൾക്കും വനിതാഗ്രൂപ്പുകൾക്കും നൽകുന്നത്. കൂടാതെ, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചു വരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി തീറ്റപ്പുൽകൃഷി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | പുൽകൃഷി വ്യാപനത്തിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത്; ആയതിനായി ക്ഷീരകർഷകർക്ക് സബ്സിഡി നൽകിവരുന്നുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം എന്താണ്; വിശദമാക്കുമോ; | (സി) | തീറ്റപ്പുൽകൃഷിവ്യാപനത്തിന്റെ നോഡൽ ഏജൻസി ക്ഷീരവികസന വകുപ്പാണ്. 20 സെന്റ് സ്ഥലത്തോ അതിൽ കൂടുതൽ സ്ഥലത്തോ തീറ്റപ്പുൽകൃഷി ചെയ്യുന്ന കർഷകർക്ക് ഒരു സെന്റിന് 50/- രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നു. പുതിയതായി ഫാം തുടങ്ങുന്ന കർഷകർക്കും, കൂടുതൽ പശുവിനെ വളർത്തുന്ന കർഷകർക്കും, വനിത/പിന്നോക്ക വിഭാഗക്കാരായ കർഷകർക്കും മുൻഗണന നൽകുന്നുണ്ട്. |
| (ഡി) | ഷൊർണ്ണൂർ മണ്ഡലത്തിൽ ഇതിനു വേണ്ടിയുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (ഡി) | ഷൊർണ്ണൂർ മണ്ഡലത്തിൽ തീറ്റപ്പുൽകൃഷി വികസനത്തിനായി സബ്സിഡിയോടെ 20 സെന്റിനു മുകളിൽ തീറ്റപ്പുൽകൃഷി, തരിശു ഭൂമിയിൽ തീറ്റപ്പുൽകൃഷി എന്നിവ നടപ്പിലാക്കി വരുന്നു. ഇതിന്പുറമേ സ്റ്റൈലോ സാന്തസ് വിത്തും കർഷകർക്ക് നൽകിയിട്ടുണ്ട്. അനുവദിച്ച സബ്സിഡി തുക, സ്ഥലത്തിന്റെ അളവ് ഗുണഭോക്താക്കളുടെ എണ്ണം എന്നിവ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | പദ്ധതിയുടെ പേര് | സബ്സിഡി തുക (രൂപ | സ്ഥലത്തിന്റെ അളവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | തീറ്റപ്പുൽകൃഷി (20 സെന്റിനു മുകളിൽ) | 117500/- | 2520 സെന്റ് | 60 |
| 2 | തരിശു ഭൂമിയിൽ തീറ്റപ്പുൽകൃഷി | 93007/- | 250 സെന്റ് | 1 |
| 3 | സ്റ്റൈലോ സാന്തസ് വിത്ത് | സബ്സിഡി ഇല്ല | 25 സെന്റ് | 1 |